**‘മലയാളം’ വാരിക സംഘടിപ്പിച്ച എം.പി. നാരായണപിള്ള ചെറുകഥാ മത്സരത്തിൽ തെരഞ്ഞെടുക്കപ്പെട്ട മികച്ച കഥകളിലൊന്ന്**

# കുളവാഴ

ദേവദാസ് വി.എം.



Bobbing on the breeze blown waves
Bowing to the tide
Hyacinth rises and falls
Spinning, swamped, slimed, sunk
She rises, resolute
Still crowned by petals.
-`Way of the Water Hyacinth’ by Zawgyi,
Burmese Litterateur.

ഉണ്ണി വാവേ... ഇന്ന് നടന്ന രസകരമായൊരു കഥയാണ് നിന്നോട് പറയാൻ പോകുന്നത്, ഇത് ഞാൻ, ഞാനെന്നാൽ നിന്റെ അമ്മ, നിനക്ക് ആദ്യമായും അവസാനമായും പറഞ്ഞു തരുന്ന കഥയാണെന്ന് അറിയാമല്ലോ. നാളെ ഉച്ച വരെയേ നിനക്കായുസുള്ളൂ എന്ന കാര്യം മറക്കരുത്. അതുകൊണ്ട് ഇക്കഥ നീ ശ്രദ്ധിച്ചു കേൾക്കണം.

കഥ തുടങ്ങുന്നതിനു മുന്നെ നീയെങ്ങനെ ഉണ്ടായി എന്നുതന്നെ പറഞ്ഞുതുടങ്ങാം. ഏകദേശം മൂന്നരക്കൊല്ലം മുന്നെയാണ് ഞാനും നിന്റെ അച്ഛനും തമ്മിൽ ഈ നഗരത്തിൽവെച്ചു കാണുന്നത്. അതായത് ഞാനിവിടെയെത്തി ഏതാണ്ടൊരു നാലഞ്ച് മാസമായിക്കാണും. നഴ്സറി ക്ലാസ് മുതൽ പി.ജി. വരെ സ്കൂളിലേയ്ക്കും കോളേജിലേയ്ക്കുമൊക്കെ ദിവസവും വീട്ടിൽനിന്നും പോയിവന്നിരുന്നൊരു പെൺകുട്ടി ഗവേഷണപഠനത്തിനായി നഗരത്തിലെത്തി. തനിച്ചായതിന്റെ സങ്കടവും പേടിയുമൊക്കെ മാറി ക്യാമ്പസ്സുമായും ഈ നഗരവുമായും ഇണങ്ങിവ



രുന്ന കാലത്താണ് നിന്റെയച്ഛനെ പരിചയപ്പെടുന്നത്. അന്നവൻ ഇപ്പോൾ കാണുന്ന പത്രാസുകാരൻ ഇൻഷുറൻസ് മാർക്കറ്റിങ്ങ് കൺസൾട്ടന്റ് ഒന്നുമല്ല. അതത് മാസത്തെ സെയിൽസ് ടാർഗറ്റ് ഒപ്പിക്കാൻ നെട്ടോട്ടമോടുന്നവൻ. അങ്ങനെയൊരുത്തനെയാണ് ഞാൻ ആദ്യമായി കാണുന്നത്. പറഞ്ഞുവന്നാലൊരു സിനിമാക്കഥപോലെയാണ് കാര്യങ്ങളുടെ തുടക്കം. ഒരു കോഫി ഷോപ്പിൽ വെച്ചാണ് ഞാനവനെ ആദ്യമായി കാണുന്നത്. 'സൂഫി പറഞ്ഞ കഥ' എന്ന സിനിമ കണ്ടിറങ്ങി തൊട്ടടുത്ത കോഫി ഷോപ്പിൽ ചെന്നിരിക്കുന്ന നാലഞ്ച് പെൺകുട്ടികളുടെ ഇടയിലേയ്ക്ക് കാണാൻ വലിയ തരക്കേടില്ലാത്തൊരു ഇൻഷുറൻസ് മാർക്കറ്റിങ്ങുകാരൻ ഇടിച്ചുകയറിവരുന്നു. പതിവുപോലെ ജീവൻ എന്നതൊരു നീർക്കുമിളയാണെന്നും മരണം രംഗബോധമില്ലാത്തൊരു കോമാളിയാണെന്നും മാരകരോഗങ്ങളും അപകടങ്ങളും ഏത് നിമിഷവും കടന്നുവരാമെന്നും സ്ഥിരവരുമാനം നിലച്ചാൽ വീട്ടുകാരുടെ സങ്കടകരമായ അവസ്ഥയെന്താണെന്നുമൊക്കെ പറഞ്ഞ് പോളിസി എടുക്കുകയെന്നത് ഞങ്ങളുടെ ആവശ്യമാണെന്ന് വരുത്തിത്തീർക്കാൻ ശ്രമിച്ചു. അതിൽ വീഴുന്നില്ലെന്ന് കണ്ടപ്പോൾ, അല്ലെങ്കിൽതന്നെ നമ്മള് ചത്തിട്ട് ബാക്കിയുള്ളോർക്കെന്തിനാണെന്ന മട്ടായി. നേരത്തെ വിരമിച്ച് ജീവിതം അടിച്ചുപൊളിക്കാൻ പാകത്തിന് പെൻഷൻ പ്ലാനുകളിൽ നിക്ഷേപിക്കാൻ ഉപദേശമായി. ഒടുക്കം രക്ഷയില്ലാതെ തന്റെ ആ മാസത്തെ ടാർഗറ്റ് മുട്ടിക്കാനായി സഹായിക്കണമെന്ന കെഞ്ചലും കേഴലുമായി. ഞങ്ങൾ ആ നഗരത്തിൽ വലിയ ശമ്പളം വാങ്ങി ജീവിക്കുന്ന പെൺകുട്ടികളെന്നായിരുന്നു അവന്റെ ധാരണ. എന്നാൽ, ഗവേഷണവിദ്യാർഥികളാണെന്നും കാലം വൈകിച്ച് യൂണിവേഴ്സിറ്റി തരുന്ന സ്റ്റൈപ്പെന്റ് മാത്രമാണ് വരുമാനമെന്നും അതുകൊണ്ട് അരിഷ്ടിച്ചാണ് ജീവിക്കുന്നതെന്നും ഇന്നലെ അത് കൈയിൽ കിട്ടിയതിന്റെ അർമാദമാണ് ഒരു സിനിമയും കോഫിയുമെന്നുമൊക്കെ പറഞ്ഞ് കൂടെയുള്ളവർ കളിയാക്കിയതോടെ അവന്റെ കാറ്റുപായി. ആദ്യ കുറച്ചു നിമിഷങ്ങളിലെ ചമ്മൽ മറച്ചുവയ്ക്കാൻ അവൻ എന്തൊക്കെയോ പറഞ്ഞെങ്കിലും ഞങ്ങളുടെ ടേബിൾ ഉപേക്ഷിച്ച് പോകുന്നേരത്ത് വെറുതെ സമയം മെനക്കേടായെന്ന് പിറുപിറുത്തു. കൂട്ടത്തിലൊരുവൾ ചൊടിച്ചെന്തോ മറുപടി പറഞ്ഞപ്പോൾ അവൻ വഴക്കിടാൻ വന്നു. കസ്റ്റമേഴ്സിനു ശല്യമുണ്ടാക്കരുതെന്നു പറഞ്ഞ് കോഫി ഷോപ്പിലെ ആളുകൾ അവനോട് ഇറങ്ങിപ്പോകാൻ പറഞ്ഞു. ഇപ്പോൾ അവന്റെ, നിന്റെ അച്ഛന്റെ സ്വഭാവം നിനക്ക് ഏകദേശം പിടികിട്ടിക്കാണും. ഇല്ലേ? അപരിചിതമായ നീരൊഴുക്കുകളിലേയ്ക്ക് കളച്ചെടികൾ വന്നെത്തിപ്പെടുന്നത് തീർത്തും ആകസ്മികമാണ്. ഭംഗിയുള്ള ഇലയോ പൂവോ ഒക്കെ കണ്ട് പറിച്ചെടുത്തുകൊണ്ട് പോകുന്നവരുടെ അശ്രദ്ധ, അലങ്കാരച്ചെടിയായി ഉപയോഗിച്ചിരുന്നവർ അതെടുത്ത് തോട്ടിലെറിഞ്ഞപ്പോൾ പടർന്നവ, ക്ഷാമകാലത്ത് മറ്റു രാജ്യങ്ങളിൽ നിന്നിറക്കുന്ന ധാന്യങ്ങൾ വഴി കൂട്ടു വന്നവ, അങ്ങനെയങ്ങനെ... ഒറ്റനോട്ടത്തിൽ സുന്ദരമാണ് മിക്കവാറും എല്ലാ കളച്ചെടികളും. കുളവാഴയുടെ കാര്യമാണെങ്കിൽ പറയാനുമില്ല. ഇടതൂർന്ന മുടിക്കെട്ടുപോലുള്ള വള്ളിവേരുകളും കൈക്കുമ്പിൾപോലുള്ള ഇലകളും ഇളംതണ്ടുകളും വെള്ളയും നീലയും വയലറ്റും കലർന്ന് മഞ്ഞപ്പൊട്ടുള്ള പൂവും കണ്ടാൽ അതൊരു ഭീകരൻ ചെടിയാണെന്ന് ആർക്കെങ്കിലും തോന്നുമോ? പത്തു പന്ത്രണ്ടു ദിവസം കൊണ്ട് ഇരട്ടി പ്രദേശത്ത് പടർന്നുകയറി പിന്നീടതു ചെയ്യുന്ന ദ്രോഹങ്ങൾ എന്തൊക്കെയാണെന്ന് ഇനിയും മനസ്സിലായി വരുന്നതേയുള്ളൂ. ഈ പ്രേമത്തിന്റെ കാര്യവും ചിലപ്പോഴൊക്കെ അങ്ങനെയാണ് വാവേ...

അന്നത്തെ കോഫി ഷോപ്പ് സംഭവത്തിനുശേഷം അവനെ പലയിടത്തും വെച്ചുകണ്ടു. ഒഴി

ഞ്ഞുമാറലുകൾക്കും മുറുമുറുക്കലുകൾക്കും ശേഷം മുഖത്തുനോക്കലിന്റെയും പുഞ്ചിരികളുടെയും കാലമായി. അങ്ങനെയങ്ങനെയങ്ങനെ ഞങ്ങൾക്കിഷ്ടമായി. അവൻ വെറുമൊരു എടുത്തുചാട്ടക്കാരനും പ്രാരാബ്ധക്കാരനുമാണെന്ന് തോന്നിയ കാലത്താണ് ഞാനവനെ പരിചയപ്പെടുന്നത്. അങ്ങനെയല്ല, കുറച്ചേറെ ഭാവി പദ്ധതികളും ജീവിതത്തെക്കുറിച്ച് വ്യക്തമായ ലക്ഷ്യബോധവുമുണ്ടെന്ന് കരുതിയ കാലത്താണ് ഞാനവനെ ഇഷ്ടപ്പെടാൻ തുടങ്ങിയത്. അവന്റെ ഉള്ളിന്റെയുള്ളിൽ സൂത്രശാലിയും അപകടകാരിയുമായ മറ്റൊരു ജീവിയുണ്ടെന്ന് തിരിച്ചറിവുണ്ടായ കാലത്താണ് ഞാനവനെ ചെറുതായി ഭയപ്പെടാൻ തുടങ്ങിയത്. എങ്കിലും എന്നെയവൻ കൂടെക്കൂട്ടുമെന്നുള്ള ഒരുതരം വിശ്വാസമുണ്ടായിരുന്നു. കാര്യങ്ങളങ്ങനെ മുന്നോട്ടുപോയിക്കൊണ്ടിരിക്കെ പരസ്പരമുള്ള ബന്ധം ഉറപ്പിക്കുന്നതിനും ശരീരങ്ങൾ ഒരുമിപ്പിക്കുന്നതിനുമായി ഞങ്ങൾ കാണിച്ച കുറുമ്പുകൾക്കിടെ നേരവും സുരക്ഷയും ഒക്കെ തെറ്റിയൊരു നേരത്ത് നീയെന്റെ വയറ്റിൽ ജീവനെടുത്തു. വാവേ നീയൊന്ന് ആലോചിച്ചു നോക്ക്. ജൈവ–പാരിസ്ഥിതികപ്രശ്നമുണ്ടാക്കുന്ന കുളവാഴയെ നിർമാർജനം ചെയ്ത് വ്യാവസായികാവശ്യത്തിന് ഉപയോഗിക്കുന്നതിനെപ്പറ്റിയുള്ള ഗവേഷണപ്രബന്ധം ഇനിയും പൂർത്തിയാകാത്തതിനാൽ സാമ്പത്തികമായി കാര്യവരുമാനമൊന്നുമില്ലാത്തവളും വീട്ടുകാരുടെ ഏക പ്രതീക്ഷയുമായ ഒരു പെണ്ണും, ജാതി മതം കമ്പനിയിലെ പ്രശ്നങ്ങൾ, പെങ്ങളുടെ കല്യാണമെന്നൊക്കെയുള്ള ആവലാതികളിൽനിന്ന് ഇനിയും സ്വതന്ത്രനാകാത്ത ഒരു ആണും. അവർക്ക് വിവാഹത്തിനു മുന്നെ കുഞ്ഞുണ്ടാകാൻ പോകുന്നു. ഇത്രയും പോരേ പുകില്? എന്നാൽ, നിന്റെ വരവ് അറിഞ്ഞതിനുശേഷം അവൻ നീങ്ങുന്നിടത്തെല്ലാം ഒച്ചിഴഞ്ഞതു പോലെ വഴുതിമാറലിന്റെ വഴുവഴുപ്പുണ്ടെന്ന് തെന്നിവീണറിഞ്ഞപ്പോഴാണ് ഞാനവനിൽനിന്ന് അകലാൻ ശ്രമിച്ചത്. ഈയടുത്തായി... എല്ലാത്തിന്റെയും ഉത്തരവാദിത്വം എന്റെ തലയിൽ കെട്ടിവെച്ചശേഷം ഒച്ചിഴയലിന്റെ വഴുവഴുപ്പുള്ളവൻ വീണ്ടും പഴയ പ്രാരാബ്ധത്തിന്റെ പഴിപറച്ചിലുകാരനായി വ്യാജവേഷം കെട്ടാനാരംഭിച്ചതു മുതലാണ് ഞാനവനെ വെറുത്തു തുടങ്ങിയത്. നിന്നെ ഇല്ലാതാക്കണമെന്നു പറഞ്ഞപ്പോഴാണ് ഞാനവനെ പുച്ഛിച്ചുതുടങ്ങിയത്. നിന്നെ ഇല്ലാതാക്കിയ ശേഷം സാവകാശം അവനെന്നെയും ഉപേക്ഷിക്കുമെന്ന് ഉറച്ച ബോധ്യമുള്ളതുകൊണ്ടാണ് അവനെനിക്ക് ആരുമല്ലാതാകാൻ തുടങ്ങിയത്.

പറഞ്ഞുപറഞ്ഞ് അല്പം കാടുകയറിപ്പോയി ഉണ്ണി വാവേ. ഇന്നു നടന്ന കഥ പെട്ടെന്നു പറയാം. കാലത്തു തന്നെ ഹോസ്റ്റലിൽ നിന്നിറങ്ങി മൂന്നു ബസ് മാറിക്കയറി കുട്ടനാടെത്തിയപ്പോഴേയ്ക്കും വെയിൽ മൂത്തുതുടങ്ങിയിരുന്നു. അവിടെയാണ് ഒരാഴ്ചയായി അമ്മയ്ക്ക് ജോലിയുള്ളത്. ജോലിയെന്നു പറഞ്ഞാൽ, കായലിൽനിന്നു കുറേപ്പേർ യന്ത്രങ്ങളൊക്കെ ഉപയോഗിച്ച് കുളവാഴകൾ നീക്കുന്നുണ്ട്. അതിൽനിന്ന് ചില സാമ്പിളുകൾ ശേഖരിക്കലാണ് എന്റെ പണി. ലക്ഷങ്ങൾ കായലിൽ കായം കലക്കുന്ന കേൾവികേട്ട കുട്ടനാടൻ പാക്കേജിൽ ഇങ്ങനെ ഗുണമുള്ള ചിലതൊക്കെ നടക്കുന്നുണ്ട്. ഈ സാമ്പിളെടുക്കലൊക്കെ ഞാൻ ഇപ്പോൾ ചെയ്യേണ്ട ജോലിയാണോ എന്നു ചോദിച്ചാൽ... അല്ല. ഇതിനു മുന്നത്തെ വർഷങ്ങളിൽ നടന്ന കുറേ കായൽവാരലുകളിലായി പൂവും പോളയും വേരും ഇലയും ശേഖരിച്ച് അരച്ചും പൊടിച്ചും കലക്കിയും കലർത്തിയുമൊക്കെ കുറെ പരീക്ഷണം നടത്തി പല റിപ്പോർട്ടുകളും ഉണ്ടാക്കി തുന്നിക്കെട്ടിയൊരു പരുവത്തിലാക്കിയതാണ്. അതൊന്ന് അപ്രൂവ് ചെയ്യേണ്ട പണിയേ എന്റെ ഗൈഡിനുള്ളൂ. പക്ഷേ, ആ പന്നനത് ചെയ്യുന്നില്ല. ആ ദുഷ്ടനെന്നെ ചക്കും ചക്കാലയുമായിട്ട് വട്ടം തിരിക്കുന്നതിന്റെ നടപടികളാണിതൊക്കെ. എങ്ങനെയെങ്കിലും ഇതൊന്നു പണ്ടാരമടക്കി ത്തീർത്ത് ഇവിടെനിന്ന് ഒഴിഞ്ഞുപോകാനായി ഞാൻ ആവുന്നോളം ശ്രമിക്കുന്നതിന്റെ ഭാഗമായാണ് കിർ... കിർ... എന്ന ഒച്ചയോടെ പിളരുന്ന നെല്ലിപ്പലകയിൽ നിന്നുകൊണ്ട് ഒരു സർക്കസ്സുകാരിയെപ്പോലെ അഭ്യാസം നടത്തുന്നത്. ഉച്ചവരെയുള്ള വെയിലുകൊള്ളലും കുനിഞ്ഞുനിന്ന് സാമ്പിളെടുക്കലുമൊക്കെയായി ഞാനാകെ വശംകെട്ടിരുന്നു. മൂന്നുമാസമായി നീയെന്റെ വയറ്റിലുള്ള കാര്യം എനിക്കും അവനും നിനക്കും പിന്നെ ഐ–കെയർ ഹോസ്പിറ്റലുകാർക്കും മാത്രമല്ലേ അറിയൂ. എന്നെ ഈ പണിക്കുവിടുന്ന ഗൈഡിനും അവിടെ കുളവാഴ നീക്കലിനെത്തുന്ന ദിവസക്കൂലിക്കാർക്കും പഞ്ചായത്തിന്റെ ആളുകൾക്കും മുന്നിൽ എനിക്ക് ഗർഭാലസ്യം കാണിക്കാനാവില്ലല്ലോ. അല്പമെങ്കിലും സഹായമൊക്കെ ചെയ്യുന്നത് ആരമേശനാണ്. നിനക്ക് ഞാനയാളെ ഗുണ്ടാച്ചേട്ടനെന്നോ ഒന്നു കൃത്യമായി സൂചിപ്പിച്ചാൽ പഴയ ഗുണ്ടാച്ചേട്ടനെന്നോ പറഞ്ഞു പരിചയപ്പെടുത്താം.

കായലോരത്ത് വലിച്ചു പറിച്ചിട്ട് കൂമ്പാരമായ കുളവാഴകളിൽനിന്ന് സാമ്പിളെടുക്കുന്നതിനിടെ നിന്റെ അച്ഛൻ വിളിച്ചിരുന്നു. ഇന്നത്തോടെ ഒരു അവസാനതീരുമാനമെടുക്കണമെന്നു പറഞ്ഞ്, അത് മിക്കവാറും വേർപിരിയലാവുമെന്ന സൂചനയും തന്നാണ് അവൻ ഫോൺ കട്ട് ചെയ്തത്. എന്നെകാണണമെങ്കിൽ ഞാനുള്ള സ്ഥലത്തു വരണമെന്നു തറുതല പറഞ്ഞ് ഞാനും ഒട്ടും വിട്ടുകൊടുത്തില്ല. ഉച്ചതിരിഞ്ഞ് സ്ഥലസന്ദർശനത്തിനെത്തിയ ഗൈഡിന്റെ കാറിൽ മടങ്ങുന്ന നേരത്താണ് ഞാൻ അടുത്തുതന്നെയുള്ള ആ ജ്യൂസ് ഷോപ്പിൽ വണ്ടി നിർത്താൻ ആവശ്യപ്പെട്ടത്. ജ്യൂസ് ഓർഡർ ചെയ്ത് കാത്തിരിക്കുന്നതിനിടെ രമേശനും അവിടെയെത്തി. ഞാനും ഗൈഡും ഇരിക്കുന്നതിന് കുറച്ചുമാറിയിരുന്ന് അയാൾ സിഗററ്റ് കത്തിച്ചു വലിക്കാൻ തുടങ്ങി.



അവിടെനിന്നാണ് പ്രശ്നങ്ങൾ തു
ടങ്ങിയത്. കടയ്ക്കകത്തിരുന്ന്
വലിക്കരുതെന്ന് ഞാൻ അയാളോട്
ഇത്തിരി കടുത്തുതന്നെ പറഞ്ഞു.
വലിച്ചാലെന്തു ചെയ്യുമെന്നായി
അയാൾ. ഞാൻ കടക്കാരനെ വി
ളിച്ച് പരാതിപ്പെട്ടു. പുറത്തിറങ്ങി
വലിക്കാൻ കടക്കാരൻ പറഞ്ഞ
പ്പോൾ അയാൾ സിഗററ്റ് നിലത്തിട്ട്
ചവിട്ടിക്കെടുത്തി. കടയ്ക്കകത്ത്
നിരന്നിരിക്കുന്ന കസേരകൾ
തട്ടിമാറ്റി ഇറങ്ങുന്നേരത്ത് അവന്റെ
കൈകൾ മനഃപൂർവമെന്നോണം
എന്റെ എടുപ്പിൽ തൊട്ടുരുമ്മി.
അവന്റെ കൈയ്ക്ക് കയറിപ്പി
ടിച്ച് എഴുന്നേറ്റശേഷം കരണം
നോക്കി ഞാനൊന്നു പൊട്ടിച്ചു.
അവനെന്നെ പുറകോട്ടു തള്ളിയ
പ്പോൾ ഞാൻ മലന്നടിച്ചു വീണു.
എന്തിനു പറയുന്നു, ആളുകൾ
കൂടി, പക്ഷം പറയലായി, ബഹ
ളമായി. കാര്യങ്ങൾ ഇത്രയൊ
ക്കെയായിട്ടും കമാന്നൊരക്ഷരം
ഉരിയാടാതെ ഇരിക്കുകയായിരുന്നു
എന്റെ ഗൈഡ്. അതിനു കാരണം
വേറെയുണ്ട്. അതും ഞാൻ വഴി
യെ പറഞ്ഞുതരാം. കടയിൽനിന്നു
പുറത്തിറങ്ങാൻ ശ്രമിച്ച രമേശനെ
നാട്ടുകാരിൽ ചിലർ വളഞ്ഞു
വെച്ചു. ഒടുക്കം ഞാനും മറ്റു ചി
ലരും പറഞ്ഞതനുസരിച്ച് കടക്കാ
രൻ പൊലീസിന് ഫോൺ ചെയ്തു.
എന്നാൽ പൊലീസിനും മുന്നെ
നിന്റെ അച്ഛൻ ബൈക്കിലെത്തി.
സംഗതികൾ അറിഞ്ഞതോടെ
അവൻ രക്ഷകൻ കളിക്കാൻ തു
ടങ്ങി. രമേശന്റെ കോളറിന് കുത്തി
പ്പിടിച്ച് ചോദ്യം ചെയ്യാൻ തുടങ്ങി.
എന്നാൽ, അങ്ങനെ ചെയ്തതിന്
ഞാൻ അവനെ എതിർക്കുന്നത്
കണ്ടപ്പോൾ അവിടെ കൂടിയവ
രെല്ലാം അന്തംവിട്ടു നിന്നു. നീ
ആവശ്യമില്ലാത്ത കാര്യത്തിൽ
ഇടപെടണ്ടായെന്നും ഇവിടുത്തെ
കാര്യങ്ങൾ പൊലീസുകാരെത്തി
കൈകാര്യം ചെയ്യുമെന്നും പറഞ്ഞ
പ്പോൾ അവനാകെ ദേഷ്യം വന്ന്
തുടുത്തു. എന്റെ കാര്യങ്ങളിൽ
ഇടപെടാൻ ആത്മാർഥതയു
ള്ളവൻ ചെയ്യുന്ന രീതിയിലല്ല കു
റച്ചുനാളായി പെരുമാറുന്നതെന്ന്
പറഞ്ഞതോടെ ഒരു കാരണം

കിട്ടിയ സന്തോഷത്തിൽ അവ നെന്നെ കൈവിട്ടു. ഇനി നമ്മൾ തമ്മിലൊരു ബന്ധമില്ലെന്നും കൺവെട്ടത്തു കാണാൻ താല്പര്യമി ല്ലെന്നും കയർത്തുപറഞ്ഞശേഷം അവൻ ബൈക്കും പറപ്പിച്ചു പോയി.

പതിനഞ്ച് മിനിറ്റിനകം അവിടെ പൊലീസെത്തി. അവർ രമേശനെ പിടിച്ചു ജീപ്പിൽ കയറ്റിയശേഷം എന്നോട് സ്റ്റേഷൻ വരെ ചെന്ന് പരാതി കൊടുക്കാൻ പറഞ്ഞു. തീരെ വയ്യെന്നും ചെന്നിട്ട് കുറച്ച് അത്യാവശ്യമുണ്ടെന്നും പറഞ്ഞെ ങ്കിലും ആദ്യമൊന്നും അവർ സമ്മതിച്ചില്ല. പിന്നെപ്പിന്നെ ഇതുകൊണ്ടൊക്കെയാണ് ഇങ്ങ നത്തെ മോശം സംഭവങ്ങളുണ്ടാ യാലും സ്ത്രീകൾ പൊലീസിൽ പരാതിപ്പെടാത്തതെന്നും ജനമൈ ത്രിയെന്നൊക്കെ വലിയ വീമ്പ് കെട്ടലല്ലാതെ ആളുകൾക്കൊരു ഗുണമില്ലെന്നും പറഞ്ഞതോടെ അവരൊന്നടങ്ങി. ഒരു സ്ത്രീക്കാണ് പ്രശ്നം പറ്റിയതെന്ന് ഫോൺ വിളി ച്ചറിയിച്ചിട്ടും നിങ്ങളുടെ കൂട്ടത്തി ലെന്തേ ഒരു വനിതാ പൊലീസ് ഇല്ലാത്തതെന്ന് ചോദിച്ചതോടെ അവർക്ക് നിൽക്കക്കള്ളിയില്ലാതെ യായി. കൂട്ടത്തിലൊരു പൊലീസു കാരൻ തൊട്ടടുത്ത സ്റ്റേഷനറിക്ക ടയിൽനിന്ന് ഒരു വെള്ളപ്പേപ്പറും സംഘടിപ്പിച്ചെത്തി. ജ്യൂസ് കടയിലെ ടേബിളിനു മുകളിൽ അതും വെച്ച് ഞാൻ പരാതി ചുരുക്കത്തിലെഴുതി കൊടുത്തു. ഗൈഡിനും കടക്കാരനും സാക്ഷി കളായി ഒപ്പിടേണ്ടിവന്നു. പൊലീ സുകാരൻ രമേശനെയും കൊണ്ട് ജീപ്പെടുത്ത് സ്ഥലം കാലിയാക്കി. ജ്യൂസ് ഷോപ്പുകാരനോട് നന്ദിയും പറഞ്ഞിറങ്ങിയ ഞാൻ ആ കവ ലയിലെ ബസ് സ്റ്റോപ്പിൽ ചെന്ന് അടുത്ത വണ്ടിക്ക് അവിടം വിട്ടു. എന്റെ ഗൈഡ് എപ്പോഴാണ് അവി ടെനിന്ന് പോയതെന്ന് അറിയില്ല. ഇത്രയുമൊക്കെ കേട്ടപ്പോൾ പിറക്കാൻ ഭാഗ്യമില്ലെങ്കിലും ഒരു ധീരവനിതയുടെ വയറ്റിലാണല്ലോ ജീവനെടുത്തതെന്ന് ആലോചിച്ച് നീ സന്തോഷിക്കുന്നുണ്ടോ? എങ്കി ലതങ്ങ് കളഞ്ഞേയ്ക്ക്. മുകളിൽ നടന്ന സംഭവങ്ങളെല്ലാം ഒരു നാട കമായിരുന്നു കുഞ്ഞു വാവേ, ഞാ നും നമ്മുടെ പഴയ ഗുണ്ടാച്ചേട്ടനും കൂടി നടത്തിയ ഒരു ഒത്തുകളി. ഇപ്പോൾ നീ ശരിക്കും ഞെട്ടി ക്കാണും. ഇല്ലേ? പിന്നാമ്പുറ കഥ കളിനി വരാനിരിക്കുന്നതേയുള്ളൂ.

വാസ്തവത്തിൽ നമ്മുടെ പഴയ ഗുണ്ടാച്ചേട്ടന് എന്നെക്കൊണ്ടും എനിക്കു തിരിച്ചും ചില കാര്യ ങ്ങൾ സാധിക്കാനുണ്ടായിരുന്നു. അങ്ങനെയാണ് അല്പം ചേതമുള്ള പരസ്പര സഹായത്തിന് ധാരണ യായത്. വരട്ടെ... അതിനെക്കുറിച്ച് പറയുന്നതിന് മുന്നെ രമേശനെന്ന ഗുണ്ടാച്ചേട്ടനെപ്പറ്റി നീ കുറച്ചൂടെ അറിയാനുണ്ട്. രമേശൻ തൃശ്ശൂരി ലെ ഗുണ്ടാസംഘങ്ങളിൽ ഒരാളാ യിരുന്നു. കൃത്യമായി പറഞ്ഞാൽ ദുർഗാപ്രസാദിന്റെ ഗ്യാങ്ങുകാരൻ. എന്റുണ്ണി വാവേ, നിനക്ക് പിപ്പിരി ജോസ്, ദുർഗാപ്രസാദ്, ചാപ്ലി ബിജു, എസ്തപ്പാൻ അജി, പുല്ല ടോണി, എല്ലൊടിയൻ ഡേവിഡ്, പല്ലൻ ജാഫർ, ദൊരൈബാബു, കടവി രഞ്ജിത്ത്, കരടി മനോജ്, ചിയ്യാരം ആൽബിൻ എന്നിവരെ യൊക്കെ അറിയാമോ? തൃശ്ശൂരെ ബിന്ദു തിയേറ്ററിന്റെ മുന്നിലിട്ടാണ ത്രേ പിപ്പിരി ജോസിനെ വെട്ടി ക്കൊന്നത്. പിന്നെ വിനോദിനെ ദുർഗാപ്രസാദിന്റെ ആളുകൾ കൊന്നു. അതിന് പ്രതികാരമായി ഒരു ദിവസം ഓട്ടോറിക്ഷയിൽ പൊ യ്ക്കൊണ്ടിരുന്ന ദുർഗാപ്രസാദിനെ ചാപ്ലിയുടെ കൂട്ടർ വെട്ടിക്കൊന്നു. ഈ ചാപ്ലി ബിജുവിനെ പിന്നീട് കാറിടിപ്പിച്ച് വീഴ്ത്തിയ ശേഷം റോട്ടിലിട്ട് വെട്ടിക്കൊന്നു. കൂട്ടാ ളിയായിരുന്ന എസ്തപ്പാൻ അജി യെ ഭാര്യവീട്ടുകാരുടെ മുന്നിലിട്ട് വെട്ടിക്കൊന്നു. ദൊരൈബാബു, ചിയ്യാരം ജസ്റ്റിൻ അങ്ങനെ പലരും കൊന്നും ചത്തും വീണു. നിനക്ക് വല്ലതും മനസ്സിലായോ? ഇല്ലന്നെനി ക്കറിയാം. നാലഞ്ചു ദിവസം കുത്തി യിരുന്ന് കേട്ടിട്ടും എനിക്കുപോലും ഈ വൈരാഗ്യക്കൊലകളുടെ ക്രോ ണോളജി ഇതുവരെ ശരിക്കങ്ങോട്ട് പിടികിട്ടിയിട്ടില്ല കേട്ടോ. കഥ കൾക്ക് അഴീക്കോടൻ രാഘവന്റെ കൊലപാതക കാലത്തോളം പിൻ ചരിത്രമുണ്ടെന്നാണ് രമേശന്റെ അഭിപ്രായം. അതെന്തോ ആകട്ടെ, പക്ഷേ, ഒരു കാര്യം സമ്മതിക്കാതെ തരമില്ല. കുളവാഴ നീക്കൽ പണി യുടെ മടുപ്പിനിടയിൽ രമേശൻ പറയുന്ന കഥകൾ കേട്ടാൽ ആരും ഒരല്പം പേടിയോടെ രസം പിടി ച്ചിരുന്നുപോകും. കഥ പറയാൻ അസാധ്യ മിടുക്കാണ് കക്ഷിക്ക്. അയ്യോ! കഥയല്ല ഒക്കെയും നടന്ന സംഭവങ്ങളാണെന്ന് രമേശൻ തി രുത്തിക്കളയും. പക്ഷേ, ഒന്നുണ്ട് തൃശ്ശൂരിലെ ചെറിയ പ്രദേശങ്ങ ളായ ചിയ്യാരം, കുറ്റൂർ, പുല്ലഴി, നെടുപുഴ, ഒല്ലൂർ, ആമ്പല്ലൂർ, വര ന്തരപ്പിള്ളി, പുഴമ്പള്ളം, പുത്തൂർ, തൃപ്രയാർ, നെടുപുഴ, കോടാലി എന്നിവിടങ്ങളിലായി മുഖത്തു മുള കെറിഞ്ഞും വിളിച്ചിറക്കി നടുറോ ട്ടിലും ഓടുന്ന വണ്ടിയിൽവെച്ചും കൂട്ടമായി നിൽക്കുന്ന ആളുകളു ടെ കൺവെട്ടത്തു വെച്ചുമൊക്കെ നടന്ന വെട്ടിക്കൊല കഥകൾ രമേശൻ പറയുന്നതു കേട്ടാൽ സാക്ഷാൽ വേദവ്യാസൻ മൂപ്പര് നാണിച്ചുപോകും. ഹസ്തിനപുരവും വിരാടവും കാശിയും കേകയവും മഗധയും മഥുരയും ചേദിയും ഗാന്ധാരവും ദ്വാരകയും ഒക്കെ പങ്കെടുത്ത പലപല വ്യൂഹങ്ങൾ ചമച്ച, അസംഖ്യം മഹാരഥികളുടെ കൊലക്കളമായ കുരുക്ഷേത്ര യുദ്ധ ത്തിന്റെ വിവരണത്തിനും ഒരുപടി മേലെ നിൽക്കും രമേശന്റെ കഥ പറച്ചിൽ. അതൊക്കെ പോട്ടെ, ഈ യുദ്ധകഥകളൊക്കെ കേട്ട് നീ യും വയറ്റിനകത്ത് മൂളുന്നുണ്ടോ?

എന്തിനാണ് ഞാനും പഴയ ഗു ണ്ടാച്ചേട്ടനും കൂടിയൊരു നാടകം കളിച്ചതെന്നല്ലേ ഇപ്പോഴത്തെ നിന്റെ സംശയം. അതിപ്പോൾ മാ റ്റിത്തരാം. വെട്ടും കുത്തും തല്ലും കേസുമൊക്കെയായി നടക്കു ന്നതിൽ മനം മടുത്ത് അയാൾ പതിയെ സംഘത്തിൽനിന്ന് പിൻവലിയാൻ തുടങ്ങി. അങ്ങനെ തോന്നാൻ പ്രത്യേകിച്ചൊരു കാ രണവുമുണ്ടായിരുന്നില്ലെന്നാണ് കക്ഷി പറയുന്നത്. ഒരു ദിവസം വെറുതെയിരിക്കുമ്പോൾ അങ്ങനെ തോന്നിയത്രേ. പൊടുന്നനെ ഒരു ദിവസം കലിംഗത്ത് വെച്ച് അശോ

കനെപ്പോലെ പെട്ടെന്നെല്ലാം ഒറ്റയടിക്ക് നിർത്തി പോകാനാകാത്തതിനാൽ വെട്ടും കുത്തിനും പകരം കൊച്ചി, കൊടുങ്ങല്ലൂർ റൂട്ടിലെ കുഴൽപണം കടത്തിന് അകമ്പടിപോകലായി പിന്നത്തെ പണി. അതങ്ങനെ വലിയ കുഴപ്പമില്ലാതെ പോകുമ്പോഴാണ് ഒരുതവണ പണം തട്ടിയെടുക്കപ്പെടുന്നത്. കുറ്റം സ്വാഭാവികമായും പണം കൊണ്ടുപോയ ആളിന്റേയും അകമ്പടിക്കാരനായ നമ്മുടെ ഗുണ്ടാച്ചേട്ടന്റെയും തലയിലായി. അവരിരുവരും ഒത്തുകളിച്ച് പണം തട്ടിയെടുത്തതാണെന്ന് കഥകൾ പരന്നു. കുഴൽകടത്തുകാരന്റെ നിർദേശപ്രകാരം സ്വന്തം ആളുകൾതന്നെ രമേശനെ തല്ലി തവിടുപൊടിയാക്കിയത്രേ. പക്ഷേ, പണം തട്ടിയെടുത്തവരെക്കുറിച്ച് പിന്നീട് അറിവ് കിട്ടിയപ്പോൾ അയാളെ അവർ വെറുതെ വിട്ടു. അങ്ങനെയാണ് നമ്മുടെ ഗുണ്ടാച്ചേട്ടൻ ഇപ്പരിപാടിയൊക്കെ വിട്ട് പഴയ ഗുണ്ടാച്ചേട്ടനാകുന്നത്. പിന്നീടയാൾ പലപല തൊഴിലുകൾ മാറിമാറി ചെയ്യാൻ തുടങ്ങി. അതെല്ലാം പലപല രീതിയിൽ പൊളിയാനും നഷ്ടമുണ്ടാക്കാനും തുടങ്ങി. അടുക്കളസാധനങ്ങൾ വീടുവീടാന്തരം കയറിയിറങ്ങി കച്ചവടം ചെയ്യുന്ന പണി ചെയ്തു. ശമ്പളക്കുടിശിക ചോദിച്ചതിനെ തുടർന്നുണ്ടായ കശപിശയിൽ മാനേജരെ തല്ലി അതൊരു വഴിക്കായി. കുറച്ചുകാലം ഓട്ടോറിക്ഷാ ഓടിച്ചുനോക്കി. എന്തെങ്കിലും കേസുണ്ടായാൽ പഴയ കണക്കുവെച്ച് പൊലീസുകാർ പൊക്കുന്ന കൂട്ടത്തിലുള്ള കക്ഷിയായതിനാൽ പലതവണ ഊഴം മുടക്കിയപ്പോൾ ആ പണിയും പോയിക്കിട്ടി. മാവുകൾ കരാറെടുത്ത് മാങ്ങ പറിക്കുന്ന കച്ചവടത്തെ കാറ്റും കോളും ചേർന്ന് ചതിച്ചു. പൊലീസുകാരുടെ ശല്യം സഹിക്കാതെ നാട് മാറി വാർപ്പു പണിക്ക് പോയെങ്കിലും സിമെന്റിന്റെ അലർജിയാൽ തൊലി പൊള്ളിയടർന്ന് അതും നിർത്തേണ്ടതായി വന്നു. ഇതിനിടയിൽ കക്ഷിയൊരു കല്യാണവും കഴിച്ചത്രേ. പണിയെടുത്ത് നല്ലതുപോലെ ജീവിക്കാമെന്നുവെച്ചാൽ പൊലീസുകാർ സമ്മതിക്കുന്നില്ലെന്നാണ് പഴയ ഗുണ്ടാച്ചേട്ടന്റെ ഇപ്പോഴത്തെ പരാതി. പല സ്റ്റേഷനിലെയും നോട്ടപ്പുള്ളികളുടെ പട്ടികയിൽ ആളിപ്പോഴും ഉണ്ട്. അതുകൊണ്ടുതന്നെ ചില കേസുകളിൽ പൊലീസുകാർ വന്ന് പൊക്കും. കോടതിയിൽ കൊണ്ടുപോകും. വിചാരണത്തടവിനിടും. ചിലപ്പോൾ ചെയ്യാത്ത കുറ്റത്തിന് കുറച്ചുമാസം ജയിലിലുമാകും. അങ്ങനെ അകത്തും പുറത്തുമായി നടക്കുന്നതിനിടെ ഭാര്യ ഗർഭിണിയുമായി. ഇപ്പോൾ ഏതാണ്ട് മാസം തികഞ്ഞ് നില്പാണ്. ഒളിച്ചോടി കല്യാണം കഴിച്ചതുകാരണം അവർക്ക് സഹായത്തിനാണെങ്കിൽ കാര്യമായിട്ടാരും കൂട്ടിനില്ലത്രേ.

പഴയ ഗുണ്ടാച്ചേട്ടന്റെ ഇപ്പോഴത്തെ പ്രശ്നം എന്താണെന്ന് വാവയ്ക്കറിയാമോ? കുറച്ച് വർഷങ്ങൾക്കു മുന്നെ അങ്ങേരും കൂട്ടരും ചേർന്ന് വെട്ടിക്കൊല്ലാൻ നോക്കിയെങ്കിലും രക്ഷപ്പെട്ട ഒരാളെ ഇപ്പോൾ തീർക്കാനായി വേറെ ആരൊക്കെയോ പദ്ധതിയിട്ടിട്ടുണ്ട്. ആ കൊട്ടേഷന്റെ വിവരം നമ്മുടെ ഗുണ്ടാച്ചേട്ടന് എങ്ങനെയോ ചോർന്നുകിട്ടി. പഴയ കേസിൽ ഏതാണ്ട് ഒന്നരവർഷം ഗുണ്ടാച്ചേട്ടൻ ജയിലിലായിരുന്നു. എന്നാൽ, ഇപ്പോഴത്തെ സംഗതി നടന്നാൽ ആദ്യം പിടിയിലായി ജയിലിലാകുന്നവരുടെ കൂട്ടത്തിൽ കക്ഷിയുമുണ്ടാകും. ചെയ്യാത്ത കുറ്റത്തിന് വീണ്ടും ജയിലിൽ പോകേണ്ടതിന്റെ വിഷമവും പോരാത്തതിന് ഭാര്യയുടെ പ്രസവവും. അതുകൊണ്ട് നമ്മുടെ പഴയ ഗുണ്ടാച്ചേട്ടന് എങ്ങനെയും ഇതിൽനിന്ന് രക്ഷപ്പെട്ടേ മതിയാകൂ. സാധാരണ ഇത്തരം കേസുകളിൽ അവർ ചെയ്യാറുള്ള ഒരു സൂത്രമുണ്ട്. കൃത്യം നടക്കുമ്പോൾ കുറ്റം ചുമത്തപ്പെട്ടവൻ മറ്റൊരു സ്ഥലത്താണെന്ന് വരുത്തിത്തീർക്കുക. വേറെ ഒരു സ്ഥലത്തുചെന്ന് ബാറിൽവെച്ച് വഴക്കുണ്ടാക്കിയോ അല്ലെങ്കിൽ വണ്ടിയെടുത്ത് ചെറിയ ആക്സിഡന്റുണ്ടാക്കിയോ അന്നേ ദിവസം അവിടത്തെ ലോക്കപ്പിൽ കിടക്കുകയെന്നതാണ് ഈ സൂത്രത്തിന് ഏറ്റവും പറ്റിയ സംഗതികൾ. പക്ഷേ, ഒരു കുഴപ്പമുണ്ട്. ഇതിവന്മാരുടെ സ്ഥിരം സൂത്രപ്പണിയാണെന്നറിയാവുന്ന പൊലീസും വക്കീലന്മാരും ചേർന്ന് കോടതിയിൽ പൊളിച്ചടുക്കാനുള്ള തന്ത്രങ്ങൾ മെനയും. അതോടെ കെട്ടിയുണ്ടാക്കിയ സൂത്രമൊക്കെ എതിരായി വരാനുള്ള പഴുതുണ്ട്. അതുകൊണ്ടാണ് ഗുണ്ടാച്ചേട്ടൻ മറ്റൊരു സൂത്രത്തെക്കുറിച്ച് എന്നോടു പറഞ്ഞത്. ഞാനും ഗുണ്ടാച്ചേട്ടനും കൂടി ഒരു വഴക്കുണ്ടാക്കുക. പെണ്ണായ എന്നെ തൊട്ടാൽ അതു കേസാക്കി എനിക്കയാളെ ഒരുദിവസം ലോക്കപ്പിലാക്കാം. അതിനുശേഷം വേണമെങ്കിൽ പരാതിയില്ലെന്നു പറഞ്ഞ് കേസ് പിൻവലിക്കാം.

മേലനങ്ങാൻ വയ്യാതിരിക്കുന്ന


now on sale

Six Walks in the Fictional Woods
UMBERTO ECO
₹ 1452

A Short History of the Twentieth Century
JOHN LUKACS
₹1647

Algerian Chronicles
ALBERT CAMUS
₹1449

The Story of the Human Body :Evolution Health and Disease
DANIEL LIEBERMAN
₹ 699

MODERN
mbc bookcentre
modern@asianetindia.com
Gandari Amman Kovil Road, TRIVANDRUM - 1
Tel: 2331826/16, 2333987 Fax: 0471-2333186

നേരത്തെന്തിനാണ് ഈ വയ്യാവേലിയിലും പൊലീസ് കേസിലുമെക്കെ ചെന്നു ചാടുന്നതെന്ന് ആദ്യം ഞാനും ചിന്തിച്ചതാണ്. പടർന്നുപിടിക്കാനുള്ള വെള്ളപ്പരപ്പ് കിട്ടിയാൽ കുളവാഴകൾ ജൈവാധിനിവേശം നടത്തിക്കളയും. സൂര്യനെ മറച്ചുപിടിക്കുന്ന വിധം പന്തലിച്ചു പടർന്ന് തങ്ങൾക്ക് കീഴിലുള്ളതിനെയെല്ലാം ഇരുളിലാഴ്ത്തിക്കൊണ്ടു ശ്വാസം മുട്ടിക്കും. അതിന്റെ വേരുകളിൽ പരാദജീവികൾ പെറ്റുപെരുകും. കൂട്ടാളിച്ചെടികളെ അപ്രത്യക്ഷമാക്കും. സ്വാഭാവികമായ നീരൊഴുക്ക് തടയും. കൂടെ ഇണങ്ങാത്തവയെയെല്ലാം ഇല്ലാതാക്കിക്കൊണ്ട് സാവകാശത്തിൽ ആവാസവ്യവസ്ഥയെ തകിടം മറിച്ചുകളയും. അവയെ നശിപ്പിക്കുകയോ നിയന്ത്രിക്കുകയോ അല്ലാതെ മറ്റു മാർഗങ്ങളില്ല. ഞാൻ നിന്നോട് നേരത്തെ പറഞ്ഞില്ലേ എന്റെ ഗൈഡ് ഒരു പന്നനെപ്പറ്റി. അയാളെ ഒന്ന് പേടിപ്പിക്കേണ്ടത് അത്യാവശ്യമായി വന്നിരിക്കുകയാണ്. ഞാനും രമേശനുംകൂടെ കളിക്കുന്ന ഈ നാടകത്തിന്റെ ശരിപ്പതിപ്പ് അയാളും അനുഭവിക്കാൻ അത്ര പ്രയാസമില്ലെന്ന് തിരിച്ചറിയിക്കണം. അതായിരുന്നു എന്റെ ഉദ്ദേശ്യം. എത്ര നാളെന്നു വെച്ചിട്ടാണ് അയാളെ ഇങ്ങനെ സഹിക്കുന്നത്? ഒരു കാരണവും ഇല്ലെന്നു പറഞ്ഞുകൂടാ. അയാൾക്ക് തട്ടാനും മുട്ടാനും തോണ്ടാനും ഉരുമ്മാനും നിന്നുകൊടുക്കുന്നില്ല എന്നതാണ് ശരിയായ കാരണം. കഴുതക്കരച്ചിലിന് പകരം എന്റെ തീസിസ് അയാൾ വൈകിപ്പിക്കുന്നു. നിന്നോട് പറയാൻ കൊള്ളാത്തതാണെങ്കിലും പറയാതെ വയ്യെന്റെ ഉണ്ണിവാവേ, ഈ മണാകുണാഞ്ചൻ കളി നിർത്തി എന്നോട് കാര്യം നേരിട്ട് ചോദിച്ചിരുന്നെങ്കിൽ താൻ പോടോ എന്നും പറഞ്ഞ് ആട്ടിക്കൊണ്ട് ഇതിനൊരു തീരുമാനം ഉണ്ടാക്കുമായിരുന്നു. എന്നാൽ ഇതതല്ലല്ലോ കളി. രണ്ടുപേരും മാത്രമാകുന്ന സമയത്ത് ഒരുമാതിരി അഴകൊഴമ്പൻ ഏർപ്പാടുകളും അശ്ലീലച്ചിരിയും അർഥം വെച്ചുള്ള ഇച്ചീച്ചി വർത്തമാനങ്ങളും. പിന്നെ ചില മുട്ടിയുരുമ്മലുകളും. ഒരു പരാതി എഴുതിക്കൊടുക്കാമെന്നു വെച്ചാൽ ഡിപ്പാർട്ടുമെന്റിലൊക്കെ ഇങ്ങേര് പക്കാ മാന്യനാണ്. ഇങ്ങനെ ഒരാളെക്കുറിച്ച് അപവാദം പരത്തണോയെന്ന് ഉപദേശങ്ങൾ. അതും പോരാഞ്ഞ് തീസിസൊക്കെ ഒരുവിധമായ ഈ സമയത്ത് ഗൈഡുമായി ഉടക്കി കരിയർ നശിപ്പിക്കാനാണോ ഭാവമെന്ന് ഭീഷണികൾ. ആദ്യമൊക്കെ മറച്ചുവെച്ചെങ്കിലും ഗത്യന്തരമില്ലാതെ വന്നപ്പോൾ എന്റെ കാമുകനെന്ന പാപിയോട് ഇക്കാര്യമൊക്കെ പറഞ്ഞുനോക്കി. അവനിടപെട്ടാൽ കാര്യങ്ങളാകെ വഷളാകുമെന്നും അതുകൊണ്ട് ഞാൻ തന്നെ അയാളെ എങ്ങനെയെങ്കിലും നയത്തിൽ കൈകാര്യം ചെയ്യണമെന്നായിരുന്നു അവന്റെ വക ഒഴിവുകഴിവ്. ശരിക്കും പറഞ്ഞാൽ നയത്തിലല്ല, അല്ലാതെ തന്നെ നന്നായി കൈകാര്യം ചെയ്യേണ്ട ഇനമാണ് എന്റെ ഗൈഡ്. സത്യം പറഞ്ഞാലെന്റെ ഉണ്ണിവാവേ രമേശന് ചെയ്യുകൊടുക്കുന്നതിനു പകരമായി ഗൈഡിനിട്ടൊരു കൊട്ടേഷൻ കൊടുത്താലോയെന്ന് പോലും ഞാൻ ആലോചിച്ചതാണ്. എന്നാൽ, അതല്ല; അതിലും കനപ്പെട്ട ഒരു ഷോക്കാണ് അയാൾക്കു വേണ്ടതെന്ന് പിന്നീട് എനിക്കു തോന്നി. അയാളുടെ തന്നെ മുന്നിൽവെച്ച് എന്റെ ശരീരത്ത് അനാവശ്യമായി തൊട്ട ഒരുത്തനെ പൊലീസിനെക്കൊണ്ട് പിടിപ്പിക്കുന്നതിന് സാക്ഷിയാക്കി ഇരുത്തുക എന്നതായിരുന്നു എന്റെ തീരുമാനം. ഞാനും ഗൈഡുമായുള്ള പ്രശ്നങ്ങളൊന്നും നമ്മുടെ ഗുണ്ടാച്ചേട്ടനറിയില്ലെങ്കിലും അങ്ങനെയാണ് ഇന്ന് ആ ജ്യൂസ് കടയിൽവെച്ച് നടന്ന നാടകം കളിക്കാൻ ഞങ്ങൾ തീരുമാനിച്ചത്.

ഇന്നുച്ചയ്ക്ക് ഭക്ഷണം കഴിച്ചതു മുതലേ നിർത്താതെ ഛർദിയായിരുന്നു. വലിച്ചു പറിച്ചിട്ട കുളവാഴയുടെയും കലങ്ങിമറിഞ്ഞ കായൽചെളിയുടേയും മണമടിച്ച് ഓക്കാനം പിടിച്ചുനിർത്തിയാണ് ഒരാഴ്ചയായി ഇവിടെ കഴിച്ചുകൂട്ടുന്നത്. പക്ഷേ, ഉച്ചയ്ക്ക് ചോറുണ്ടത് മുഴുവൻ കുത്തിയിരുന്ന് ഛർദിച്ചു. തലചുറ്റാനും തുടങ്ങി. എന്തുപറ്റിയെന്ന് ചോദിച്ചവരോട് ചെളി കലങ്ങിമറിഞ്ഞതിന്റെ മണമടിച്ചതാണെന്ന് പറഞ്ഞൊഴിഞ്ഞു. ശരിക്കുള്ള കാരണം അവർക്കറിയില്ലല്ലോ. ഒരു മാസമായുള്ള ഛർദി കുറച്ചൊന്ന് അടങ്ങിയതായിരുന്നു. ഈ കലങ്ങിയ കായൽ മണമടിച്ചതോടെ അത് വീണ്ടും കൂടി. അടിക്കടിയുള്ള മൂത്രമൊഴിക്കലാണ് മറ്റൊരു വയ്യാവേലി. എത്ര പിടിച്ചുനിർത്താമെന്നുവെച്ചാലും അറിയാതെപോകുന്ന അവസ്ഥയാണ്. അതുകൊണ്ട് അരമണിക്കൂറിലൊന്നുവെച്ചെങ്കിലും പണിക്കാരുടെ സൗകര്യത്തിന് ഓല കെട്ടിയുണ്ടാക്കിയ മൂത്രപ്പുരയിലേയ്ക്ക് ഓടണം. അത് മാത്രമല്ല ഇത്തിരി ചോര നനവും പഴുപ്പുപോകലുമൊക്കെയായി ദിവസം മൂന്നോ നാലോ പാഡ് മാറ്റേണ്ട ഗതികേടാണ്. ഇതിനൊക്കെയായി ഇടയ്ക്കിടയ്ക്ക് മൂത്രപ്പുരയിലേയ്ക്ക് പോകുന്നത് ആളുകൾ ശ്രദ്ധിച്ചുതുടങ്ങിയിരിക്കുന്നു. അവരെ പറ്റിക്കാനായി മോബൈലിൽ വരാത്ത കോൾ എടുത്തുകൊണ്ട്, എന്തൊക്കെയോ ഇല്ലാത്ത മറുപടികൾ പറഞ്ഞ്, മാറിനിന്നു സംസാരിക്കാനാണെന്ന മട്ടിൽ മൂത്രപ്പുരയുടെ അടുത്തേയ്ക്ക് നടന്നു ചെന്നാണ് ഇപ്പോൾ തഞ്ചത്തിൽ കാര്യം കഴിക്കുന്നത്. ഈ പെടാപ്പാടു വല്ലതും നിനക്കറിയണോ? ഇങ്ങനെ ഛർദിലും വയറുവേദനയുമൊക്കെയായി ആക്കറ്റും വയ്യാതെ നിൽക്കുന്ന നേരത്താണ് ഇങ്ങോട്ടു പുറപ്പെട്ടിട്ടുണ്ടെന്നും എത്താറായെന്നും പറഞ്ഞ് നിന്റെ അച്ഛന്റെ വിളി വരുന്നത്. കാര്യങ്ങൾക്കൊക്കെ ഇന്നത്തോടെ ഒരു അവസാനമുണ്ടാക്കണമെന്ന് ഒന്നൂടെ ഉറപ്പിക്കാനുള്ള മട്ടാണവൻ. ജംഗ്ഷനിലെ ജ്യൂസ് ഷോപ്പിൽ വെച്ചു കാണാമെന്ന് പറഞ്ഞ് ഞാനൊഴിഞ്ഞു. നിസ്സാര മട്ടിലാണ് അവനോട് മറുപടി പറഞ്ഞതെങ്കിലും എല്ലാം തീരാൻ പോകുന്നല്ലോയെന്നു ചിന്തിച്ച

പ്പോൾ എന്റെ അടിവയറു കാളാൻ തുടങ്ങി. ഞാൻ വീണ്ടും മൂത്രപ്പു രയിലേയ്ക്കോടി. തിരിച്ചുവരുന്ന നേരത്താണ് എന്റെ ഗൈഡ് അവിടെ എത്തിയതായി കാണുന്നത്. കുറച്ചുനേരം കാര്യങ്ങളൊക്കെ നോക്കിയും ചോദിച്ചുമൊക്കെ ചുറ്റിത്തിരിഞ്ഞശേഷം മടങ്ങുന്ന നേരത്ത് അങ്ങേരുടെ കൂടെ കാറിൽ പോരുന്നോ എന്നു ചോദിച്ചു. ചെളിമണമുള്ള കാറ്റിൽനിന്ന് എങ്ങനെയും രക്ഷപ്പെടാമല്ലോയെന്നു കരുതി ഞാനത് സമ്മതിക്കുകയും ചെയ്തു. കാറിൽ കയറുന്നതിനു മുന്നെ ഞാൻ രമേശനോട് തയാറായിക്കൊള്ളാൻ ആംഗ്യം കാണിച്ചു.

വണ്ടി മുന്നോട്ടെടുത്തതും ഗൈഡ് അയാളുടെ തനി സ്വഭാവം പുറത്തെടുക്കാൻ തുടങ്ങി. ഗിയർ മാറുന്നെന്ന ഭാവത്തിൽ എന്റെ തുടയിൽ കൈയുരയ്ക്കലായി പരിപാടി. ജ്യൂസ് കടയിൽവെച്ച് അയാൾക്കുവേണ്ടി പദ്ധതിയിട്ടിരുന്ന നടുക്കത്തിലും വലിയൊന്നാണ് അപ്പോൾ കൊടുക്കേണ്ടതെന്ന് ഞാനുറപ്പിച്ചു. ഗിയറിൽനിന്ന് അയാളുടെ ഇടതു കൈപ്പത്തി പറിച്ചെടുത്ത് എന്റെ ബോട്ടത്തിന്റെ കെട്ടിനടിയിലൂടെ കടത്തിവെച്ചു. പെട്ടെന്നെന്തോ പേടിച്ച മട്ടിൽ വലിച്ചെടുത്ത അയാളുടെ കൈപ്പത്തിയിൽ പഴുപ്പിന്റെ നനവും നൂലുപോലെ പറ്റിപ്പിടിച്ച ചോരപ്പാടുമുണ്ടായിരുന്നു. അതിന്റെ രൂക്ഷഗന്ധം തിരിച്ചറിഞ്ഞപ്പോഴാകണം അയാളത് സ്വന്തം പാന്റിൽ തുടച്ചത്. ഡ്രൈവിങ്ങിൽനിന്ന് ശ്രദ്ധ തെറ്റിയതിനാൽ വണ്ടിയൊന്നു പാളി. അപകടം ഒഴിവാക്കുന്നതിനായി ഒരു വശത്തേയ്ക്കു ഒതുക്കി ഇരച്ചുനിർത്തി. ഇത് സാറ് തൊട്ടപ്പോൾ ഞാൻ കാമം കൊണ്ട് നനഞ്ഞൊഴുകിയതല്ല. വയറ്റുകണ്ണിയുടെ അസുഖ ലക്ഷണങ്ങളാണെന്ന് പറഞ്ഞപ്പോൾ അയാൾ ഞെട്ടുന്നത് ഞാൻ കണ്ടു. ഈ വഴിയിലൂടെ വല്ലപ്പോഴും പോകുന്ന ഓട്ടോറിക്ഷയും കാത്തുനിന്ന് അതിൽകയറി കുത്തിക്കുലുങ്ങി യാത്ര ചെയ്യേണ്ടല്ലോ എന്നു കരുതിയാണ് ഇടയ്ക്ക് സാറിന്റെ വണ്ടിയിൽ കയറാറുള്ളതെന്നു പറഞ്ഞതോടെ അയാൾ ഇരു കൈകളും ചേർത്തുപിടിച്ച് സ്റ്റിയറിങ്ങിനു മുകളിൽ വച്ച ശേഷം തല കുനിച്ചു. പിന്നീടെന്തൊക്കെയാണ് ഞാൻ പറഞ്ഞതെന്ന് എനിക്കുതന്നെ വലിയ ഓർമയില്ല. നാലു കൊല്ലമായി മനസ്സിനകത്ത് കെട്ടിക്കിടന്നതൊക്കെയും എടുത്ത് പുറത്തിട്ടു. ശ്വാസം കിട്ടാതെ കിതച്ചു തുടങ്ങിയപ്പോഴാണ് നിർത്തിയത്. വെള്ളപ്പരപ്പിലാകെ പടർന്ന കളച്ചെടിക്കൂട്ടത്തെ അപ്പാടെ മാന്തിയെടുത്ത് കരയ്ക്കടിച്ചതിന്റെ ഒരാശ്വാസമാണപ്പോൾ തോന്നിയത്. തീസിസിന്റെ കാര്യത്തിൽ ഇനിയുമെന്നെയിട്ട് കഷ്ടപ്പെടുത്തരുതെന്ന് പറഞ്ഞ് ഞാനയാളുടെ മുന്നിൽ കൈകൂപ്പി. കുറച്ചുനേരം കൂടി അനക്കമറ്റ് ഇരുന്നശേഷം അയാൾ സാവധാനം വണ്ടി മുന്നോട്ടെടുത്തു.

ആ ജംഗ്ഷനിലെ ജ്യൂസ് ഷോപ്പിനടുത്ത് ഇറങ്ങണമെന്ന് ആവശ്യപ്പെട്ടപ്പോൾ അയാൾ വാഹനം നിർത്തിത്തന്നു. സാറും കൂടെ വാ. ഇതൊക്കെ മറന്ന് പിണക്കം മാറ്റാൻ നമുക്കൊരു ജ്യൂസ് കുടിക്കാമെന്നു പറഞ്ഞപ്പോൾ അനുസരണയുള്ള കുട്ടിയെപ്പോലെ കൂടെ വന്നു. പിന്നീട് ജ്യൂസ് കടയിൽവെച്ച് എന്താണ് നടന്നതെന്ന് വാവയ്ക്കറിയാമല്ലോ. രമേശന്റെ വരവ്, സിഗററ്റ് വലിച്ചതിനെ തുടർന്നുള്ള തർക്കം, എന്റെ മേൽ കൈമുട്ടിക്കൽ, തല്ലും തള്ളും തുടർന്നുള്ള ബഹളങ്ങൾ, അവന്റെ വരവ്, പൊലീസിന്റെ വരവ് അങ്ങനെയങ്ങനെയങ്ങനെ... നേരത്തെ തീരുമാനിച്ചതിൽനിന്ന് മാറി നടന്നത് രണ്ട് കാര്യങ്ങളാണ്. ഒന്ന്, രമേശൻ തള്ളിയപ്പോൾ ഞാൻ പുറകോട്ട് മലച്ചുവീണത്. മറ്റൊന്ന് ഇതിനിടയിൽ നിന്റെ അച്ഛന്റെ വരവ്. അവൻ ഇടയ്ക്കു കയറി രമേശന്റെ കഴുത്തിനു കുത്തിപ്പിടിച്ചപ്പോൾ ഞാൻ ശരിക്കും പേടിച്ചുപോയി. ഇപ്പോൾ എത്ര പാവമായിരുന്നാലും രമേശനൊരു പഴയ കാലമുണ്ട്. അയാൾക്കു വേദനിച്ചാൽ ഇവനെ ഇടിച്ചു താഴെയിടുമോ, വഴക്കു മൂത്ത് വലിയ അപകടങ്ങളുണ്ടാകുമോ എന്നൊ



ക്കെ ചിന്തിച്ചു കൂട്ടി. പക്ഷേ, രമേശൻ തന്റെ ഊഴം ഭംഗിയായി പൂർത്തിയാക്കി. പൊലീസെത്തുന്നതുവരെ അവിടെക്കൂടിയ ചിലരൊക്കെ തെറിവിളിക്കുകയും പിടിച്ച് തള്ളുകയുമൊക്കെ ചെയ്തിട്ടും അനങ്ങാപ്പാറയായി നിന്നു.

എന്തൊക്കെയായാലും കുളവാഴ പോലുള്ള കളച്ചെടികളെ നമുക്കൊന്നും മുഴുവനായി നശിപ്പിക്കാനാകില്ല എന്നതാണ് വാസ്തവം. അതിന്റെ എതിരാളി ജീവികളെ ഇറക്കിയും കളനാശിനി മരുന്ന് തളിച്ചും യന്ത്രങ്ങളുപയോഗിച്ച് വലിച്ചുപറിച്ചു കളഞ്ഞും കുറെയൊക്കെ നിയന്ത്രിക്കാമെന്നു മാത്രം. ഉള്ളതിനെത്തന്നെ ഒരു വിധം ഉപകാരമാക്കി മാറ്റുന്ന വിദ്യകളുണ്ട്. കടലാസും കയറും കരിക്കട്ടയും കമ്പോസ്റ്റും ഉണ്ടാക്കുന്നതിന്, കറന്റ് ഉണ്ടാക്കുന്നതിന്, കരകൗശല വസ്തുക്കൾ ഉണ്ടാക്കുന്നതിന്, അങ്ങനെയങ്ങനെയങ്ങനെ... നാളെ പിടിപ്പതു പണിയാണ്. തീസിസിന്റെ കാര്യത്തിൽ ഒരവസാന തീരുമാനമുണ്ടാക്കണമെന്നും ഇനിയും കുളവാഴ വാരുന്നിടത്തു ചെന്ന് കാറ്റുകൊള്ളാൻ വേറെ ആളെ നോക്കണമെന്നും ഗൈഡിനെ ചെന്നുകണ്ട് പറയണം. ഇന്നത്തെ നടുക്കത്തിൽ ആളൊരല്പം ഒതുങ്ങിയെങ്കിലും നാളത്തെ പ്രകൃതം എന്താണെന്ന് ഒരൂഹവുമില്ല. ചിലപ്പോൾ ഇന്നു കാണിച്ചതിനൊക്കെയും ചേർത്ത് നാളെയാകും പണികിട്ടാൻ പോകുന്നത്. പക്ഷേ, വീണ്ടും അയാൾ തനി സ്വഭാവം എടുക്കാനാണ് പരിപാടിയെങ്കിൽ വേണ്ടതെന്താണെന്ന് എനിക്കറിയാം. ഞാനും ചിലതൊക്കെ കല്പിച്ചുകൂട്ടിയിട്ടുണ്ട്. അതോടെ തീസിസ് എന്ന തലവേദനയുമൊഴിയും. എന്റെ കാമുകൻ പാപി ഇന്നത്തോടെ എന്നെ പൂർണമായും കൈയൊഴിഞ്ഞതിനാൽ കുറച്ചുകാലമായി ഫോണിലൂടെ വഴക്കും തെറിയും കേൾക്കുന്ന കലാപരിപാടിക്ക് നാളെ മുതൽ ആശ്വാസമുണ്ടാകും. ആ സമയവും അതിന്റെ കൂടെ അല്പം മനസമാധാനവും ലാഭം. ഇനി ആ പാവം പ്രാരാബ്ധക്കാരനും നല്ല സ്ത്രീധനമൊക്കെ വാങ്ങി വിവാഹം കഴിച്ചൊതുങ്ങാം. പിന്നെ രമേശന്റെ കാര്യം. അയാൾക്കെതിരെയുള്ള പരാതി മടക്കിവാങ്ങണം. അത് നാളെത്തന്നെ ചെയ്യണമെന്നില്ല. കേസ് കോടതിയിലെത്തുമ്പോൾ ജ്യൂസ് കടയിൽ വെച്ച് പ്രശ്നമുണ്ടാക്കിയത് അയാൾ തന്നയാണോ എന്ന് എനിക്കുറപ്പില്ലെന്ന് കോടതിയിൽ മൊഴി മാറ്റിപ്പറഞ്ഞ് രക്ഷപ്പെടുത്താം. അങ്ങനെയൊക്കെയാണ് ഇവിടെ കാര്യങ്ങൾ. പെണ്ണുങ്ങൾ കൊടുക്കുന്ന എത്രയെത്ര കേസുകളാണ് ഇങ്ങനെ സ്റ്റേഷനിലും കോടതിയിലുമൊക്കെയായി ഇല്ലാതാക്കി കളയുന്നത്. അങ്ങനെ എല്ലാമെല്ലാം തീർപ്പാക്കുമ്പോൾ ഒരു കളച്ചെടിപ്പടർപ്പു പോലെ ബാക്കിയാകുന്നത് നീ മാത്രമാണ് ഉണ്ണിവാവേ.

നിന്നോട് ഈ കഥകളൊക്കെ പറയുമ്പോഴും ഉണ്ണിയെന്നും വാവയെന്നുമൊക്കെ ഇടയ്ക്കിടെ വിളിച്ചുകൊഞ്ചിക്കുമ്പോഴും എനിക്ക് ചെറുതായി നാണം തോന്നുന്നുണ്ട്. വളരെ ഗൗരവക്കാരായ കൂട്ടുകാരികൾപോലും ഗർഭിണികളോ അമ്മമാരോ ആയ ശേഷമുള്ള മാറ്റം കാണുമ്പോൾ അവരുടെ അമ്മത്തരത്തിനെ ഒട്ടൊക്കെ കളിയാക്കുന്നതായിരുന്നു എന്റെ സ്വഭാവം. പക്ഷേ, ഇപ്പോൾ മനസ്സിലാകുന്നു; ഇതെല്ലാം അവസ്ഥകളുടെ മാറ്റങ്ങളും ശീലങ്ങളുടെ ഇടപെടലുകളുമാണെന്ന്. ഈ കഴിഞ്ഞ മൂന്നുമാസം കൊണ്ട് ഞാനെന്നെത്തന്നെ അളന്നു പഠിച്ച് ആ മാറ്റം തിരിച്ചറിയുകയായിരുന്നു. അടിക്കടിയുള്ള പനി, അനാവശ്യമായ പേടികൾ, ദുഃസ്വപ്നങ്ങൾ, ക്ഷീണം, സ്നേഹം, തടിപ്പുകൾ, നീർക്കെട്ട്, വേദനകൾ, അരുചികൾ, അസ്വസ്ഥതകൾ... വയറ്റിലൊരു ജീവനുണ്ടെന്നറിഞ്ഞപ്പോൾ ആദ്യം നടുക്കമായിരുന്നു. ഇപ്പോഴിതൊന്നും വേണ്ടെന്ന് അവൻ തീർച്ചപറഞ്ഞപ്പോൾ സങ്കടമായി. പിന്നെപ്പിന്നെ ഞാനതിനോട് പൊരുത്തപ്പെട്ടു. അവനു വേണ്ടെങ്കിൽ പിന്നെ എനിക്കുമാത്രമായിട്ടെന്തിനാണെന്ന് തോന്നിത്തുടങ്ങി. നിന്നെ ഇല്ലാതാക്കാൻ തന്നെയായിരുന്നു എന്റെയും തീരുമാനം. അവനേയും ആളുകളേയും ഭയന്ന് നിന്നെ ഒഴിവാക്കാൻ തീരുമാനിച്ചപ്പോൾ എന്റെ തലയിൽ അരിച്ചു നടക്കുന്ന പേനുകളും ഈരുകളും പോലും കളിയാക്കി കുത്തിമറിച്ചു ചിരിക്കുന്നതിന്റെ പെരുപ്പ് വിങ്ങി നിന്നു.

അവസാനത്തെ വള്ളിവേരും പിഴുതെടുക്കുന്ന സമയത്ത് നീയെന്നെ മാത്രം കുറ്റപ്പെടുത്തുമോ എന്നോർത്ത് ശരിക്കും ഭ്രാന്തിളക്കമായി. എന്നാൽ, അവന് നിന്നെയല്ല, മറിച്ച് എന്നെയാണ് ഒഴിവാക്കേണ്ടതെന്നു തിരിച്ചറിഞ്ഞപ്പോൾ നിന്നെ കൂടെക്കൂട്ടാൻതന്നെ ഞാൻ തീരുമാനമെടുത്തു. വീട്ടുകാരുടേയും നാട്ടുകാരുടേയും പ്രാക്കും പഴിപറച്ചിലുമൊക്കെ ഞാൻ നൂറാവർത്തി ചിന്തിച്ചു. എന്നിട്ടും അവന് വേണ്ടെങ്കിൽ വേണ്ട, നിന്നെ എനിക്കു വേണമെന്നുതന്നെയായിരുന്നു തീരുമാനം. പക്ഷേ, അവിടെയും ഞാൻ തോറ്റുപോയല്ലോ കുഞ്ഞിവാവേ, ചാപിള്ളയാകാനാണ് നിന്റെ വിധി. എന്റെ അംശമേതുമില്ലാതെ അവന്റെ ക്രോമോസോമുകൾ മാത്രം ഇരട്ടിച്ച നീയൊരു തനി അച്ഛൻ കുട്ടിയാണത്രേ. നിനക്ക് ഭ്രൂണസ്വഭാവമില്ല, ഗർഭസഞ്ചിയില്ല, മറുപിള്ളയില്ല. ആകെയുള്ളത് ചിതറിപ്പരന്ന കുറച്ച് മാംസത്തുണ്ടുകൾ മാത്രം. നിന്നെ കളഞ്ഞേക്കാനാണ് ഡോക്ടർ പറയുന്നത്. അതല്ലാതെ മറ്റു വഴിയൊന്നുമില്ലത്രേ. അറിയാതെ വിത്തിട്ട്, തനിയെ വളർന്ന്, എല്ലായിടത്തും പടർന്നു പന്തലിച്ച്, മറ്റെന്തിനേയും നശിപ്പിക്കുന്ന ആ ഉപദ്രവച്ചെടി നീയല്ലല്ലോ. അത വരല്ലേ? വേരോടെ പറിച്ചു വലിച്ചെറിഞ്ഞ് കളയേണ്ടത് അവരെയൊക്കെയല്ലേ? നീയെന്റെ കുഞ്ഞു കുളവാഴയല്ലേ, കൊച്ചു കരിങ്കൂവളമല്ലേ. നിന്നെയെന്തിന്...

കഥയൊക്കെ കഴിഞ്ഞു കുഞ്ഞുവാവേ, രാത്രി ഏറെ വൈകിയിരിക്കുന്നു. ഇനി ഉറക്കത്തിനുള്ള സമയമാണ്. ഞാൻ നേരത്തേ പറഞ്ഞല്ലോ, നാളെ നല്ല തിരക്കുള്ള ദിവസമാണ്. നേരത്തെ എഴുന്നേൽക്കണം. ചേർത്തുവെച്ചൊരു ഉമ്മ, നീ ഉറങ്ങ്... ●